പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5449 — 27.03.2018 ൽ മറുപടിയ്ക്ക്

## സർക്കാർ നേരിട്ട് നെല്ല് സംഭരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്ന സ്വകാര്യ മില്ലുകാർ നെല്ല് എടുക്കുമ്പോൾ 5 % മുതൽ 10 % വരെ കിഴിവ് വരുത്തുന്നതുമൂലം കർഷകനുണ്ടാകുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതൊഴിവാക്കുന്നതിനും സർക്കാർ നേരിട്ട് നെല്ല് സംഭരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും | വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസരിച്ച് സംഭരിക്കുന്ന നെല്ലിൽ നിന്ന് മാത്രമാണ് സംഭരിക്കുന്ന ഓരോ ക്വിന്റൽ നെല്ലിനും 68% അരി ലഭിക്കുന്നത്. കർഷകർ നൽകുന്ന നെല്ല് നിശ്ചിത ഗുണനിലവാരമുള്ളതല്ലെങ്കിൽ ആയത് നിർദ്ദിഷ്ട ഗുണനിലവാരത്തിലേക്ക് മാറ്റുമ്പോൾ തൂക്കത്തിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിനായി, ആ പ്രദേശത്തെ കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡൻറ്, പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രസ്തുത പാടശേഖരത്തിലെ കർഷക പ്രതിനിധികൾ എന്നിവർ സംയുക്തമായി കൂടിയാലോചിച്ച് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംഭരിക്കുന്ന നെല്ലിൽ കിഴിവ് വരുത്തുന്നത്. കർഷകർ നിർദ്ദിഷ്ട ഗുണമേന്മാ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള നെല്ലാണ് നൽകുന്നതെങ്കിൽ തൂക്കത്തിൽ കിഴിവ് വരുത്താതെ സംഭരിക്കുന്നതാണ്. |
| (സി) നെല്ലിന്റെ വിലയ്ക്കുള്ള തുക ലഭിക്കുന്നതിനായി നൽകുന്ന പി.ആർ.സ്ലിപ്പുകൾ മാറ്റി കിട്ടുന്നതിന് ചില ബാങ്കുകൾ വലിയ കാലതാമസം വരുത്തുന്നത് | (സി) | നെല്ലിന്റെ വിലക്കുള്ള തുക ലഭിക്കുന്നതിനായി നൽകുന്ന പി.ആർ.എസ്. സ്ലിപ്പുകൾ മാറ്റി നൽകുന്നതിന് ചില ബാങ്കുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കാനായി ബാങ്കുകൾക്ക് കർശന നിർദ്ദേശം |

| | |
|---|---|
| ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | നൽകിയിട്ടുള്ളതും 14.03.2018 ലെ സ.ഉ (സാധാ) നം.126/2018/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി ബാങ്കുകളുടെ അതേ പരിഗണന നൽകി പി.ആർ.എസ്. വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ